(സി) ഇതിൽ ഈ വർഷം ആർക്കും തന്നെ ധനസഹായം നൽകിയിട്ടില്ല.

(ഡി) ഉദിക്കുന്നില്ല.

ബാർബർ തൊഴിലാളികൾ

268 [582] ശ്രീ. കെ. പി. പ്രഭാകരൻ;
,, കെ. ടി. കണാരൻ;
,, കെ. ആർ. ചന്ദ്രമോഹനൻ;
,, എം. കെ. കേശവൻ;
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) നമ്മുടെ സംസ്ഥാനത്തൊട്ടാകെ ആകെയുള്ള ബാർബർ തൊഴിലാളികൾ എത്ര;

(ബി) ബാർബർ തൊഴിലാളികളുടെ സംഘടന എന്തെങ്കിലും നിവേദനം അടുത്തകാലത്ത് സമർപ്പിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിൽ ഉന്നയിച്ചിരുന്ന ആവശ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) ബാർബർ തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തൊട്ടാകെ ഉദ്ദേശം 19,452 തൊഴിലാ ണ്ട്.

(ബി & സി) 1982, 1983, 1984 എന്നീ കാലഘട്ടങ്ങളിൽ പല നിവേദനങ്ങളും സമർപ്പിച്ചിട്ടുണ്ട്. എന്നാൽ അടുത്തകാലത്തായി സമർപ്പിച്ചിട്ടുള്ള നിവേദനം 5-1-1985-ലേതാണ്. അതിലെ ആവശ്യം ബാർബർ തൊഴിലാളികളെ സംരക്ഷിച്ചു സഹായിക്കുവാനുള്ള ബഹു. ധനകാര്യ മന്ത്രി ഗവൺമെന്റ് ഏറെറടുത്ത് നടപ്പാക്കി സഹായിക്കണമെന്നാണ്.

(ഡി) പ്രത്യേകിച്ച് നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല.

കോഫി ക്യൂറിംഗ് ഫാക്ടറികളിലെ തൊഴിലാളികൾക്കു മിനിമം വേജസ്

269 [584] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ;

(എ) കേരളത്തിൽ എത്ര കോഫി ക്യൂറിംഗ് ഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) എവിടെയെല്ലാം;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഓരോ സ്ഥലത്തും എത്ര തൊഴിലാളികൾവീതം ജോലി ചെയ്യുന്നുണ്ട്;

(ഡി) ഈ തൊഴിലാളികൾക്കു മിനിമം വേജസ് പ്രഖ്യാപിക്കാനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) 9 എണ്ണം.

(ബി)

	മേൽവിലാസം	തൊഴിലാളികളുടെ എണ്ണം
1.	റോയൽ കോഫി വർക്സ്, കാക്കുഴിൽ, നട്ടാശ്ശേരി, നാഗമ്പടം, കോട്ടയം	50
2.	മദ്രാസ് കോഫൂൺ ആൻറ് പ്രോഡക്റ്റ്സ് കാറഡിഗൂഡി എസ്റ്റേറ്റ്, വണ്ടിപ്പെരിയാർ, ഇടുക്കി	50
3.	രംഗവിലാസ് കോഫി ക്യൂറിംഗ് വർക്സ്, കുൻഡുകുളം റോഡ്, കോഴിക്കോട്	100
4.	മാമള്ളി വർക്സ്, ചെറുവണ്ണൂർ, ഫാറൂക്ക്.	850
5.	ആർ. കെ. എൻ. കോഫി ക്യൂറിംഗ് വർക്സ്, കോഴിക്കോട്.	75
6.	വിജയ കോഫി ക്യൂറിംഗ് വർക്സ്, കല്പറ്റ ഇടുക്കി.	250
7.	ദി നോർത്ത് മലബാർ ഡിസ്ട്രിക്റ്റ് കോ-ഓപ്പറേറ്റീവ് സപ്ലൈ ആൻറ് മാർക്കറ്റിംഗ് സൊസൈറ്റി ലിമിറ്റഡ്, കല്പറ്റ പി. ഒ., സൗത്ത് വയനാട്.	
8.	കൻസോളിഡേറ്റഡ് കോഫി ലിമിറ്റഡ് ആൻഡ് സൺസ് ഓഫ് പ്രീമിസസ് കോഫി ക്യൂറിംഗ് വർക്സ്, തലശ്ശേരി.	250
9.	മൊറാക്കൂൺ കോഫി ക്യൂറിംഗ് വർക്സ് ആൻഡ് കാർബ്ലിംഗ് ഷെഡ്, തലശ്ശേരി	250
		2,125

(സി) മുകളിൽ കൊടുത്തിട്ടുള്ള ഉത്തരം കണ്ടാലും.

(ഡി) ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

സിനിമാ തൊഴിലാളികളുടെ മിനിമം വേതനം

270 [585] ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പ് മന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) സിനിമാ തൊഴിലാളികളുടെ മിനിമം വേതനം പുതുക്കുന്നതിന് നിയമിച്ച കമ്മിറ്റിയുടെ കാലാവധി അവസാനിച്ചോ;

LIBRARY ARCHIVES Kerala Legislative Assembly